## നവലിബറലിസം പ്രസിദ്ധീകരിച്ചു

# നവലിബറലിസത്തിനെതിരായ സമരം ശക്തിപ്പെടുന്നു: എസ് ആർ പി

സ്വന്തം ലേഖകൻ

**തിരുവനന്തപുരം**

നവലിബറലിസത്തിനെതിരായ സമരം ലോകത്ത് ശക്തിപ്പെടുകയാണെന്ന് സിപിഐ എം പൊളിറ്റ് ബ്യൂറോ അംഗം എസ് രാമചന്ദ്രൻപിള്ള. കെ എ വേണുഗോപാലൻ രചിച്ച് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച നവലിബറലിസം എന്ന പുസ്തകം പ്രകാശനം ചെയ്യുകയായിരുന്നു അദ്ദേഹം.

നവലിബറലിസത്തിനെതിരായ സമരത്തെ തടയാൻ പൊലീസിനേയും പട്ടാളത്തേയും കോടതിയേയും മുതലാളിത്ത രാജ്യങ്ങൾ ഉപയോഗിക്കുന്നുണ്ട്. സ്വത്വവാദം, ജാതി, മതം, അന്ധവിശ്വാസം തുടങ്ങിയവ ഉപയോഗിച്ച് ജനങ്ങളെ ഭിന്നിപ്പിക്കാനും മുതലാളിത്തം ശ്രമിക്കുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു.



'നവലിബറലിസം' സിപിഐ എം പൊളിറ്റ് ബ്യൂറോ അംഗം എസ് രാമചന്ദ്രൻപിള്ള കേരള ഓപ്പൺ യൂണിവേഴ്സിറ്റി സ്പെഷ്യൽ ഓഫീസർ ഡോ. ജെ പ്രഭാഷിന് നൽകി പ്രകാശനം ചെയ്യുന്നു

കേരള ഓപ്പൺ യൂണിവേഴ്സിറ്റി സ്പെഷ്യൽ ഓഫീസർ ജെ പ്രഭാഷ് പുസ്തകം ഏറ്റുവാങ്ങി. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പ്രൊഫ.വി കാർത്തികേയൻ നായർ അധ്യക്ഷനായി. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് സീനിയർ റിസർച്ച് ഓഫീസർ സി അശോകൻ പുസ്തകം പരിചയപ്പെടുത്തി. ഗ്രന്ഥകർത്താവ് കെ എ വേണുഗോപാലൻ സംസാരിച്ചു. അസി. ഡയറക്ടർ ഡോ.ഷിബു ശ്രീധർ സ്വാഗതവും റാഫിപൂക്കോം നന്ദിയും പറഞ്ഞു.